# കേരള പോലീസ് കെ-9 സ്ക്വാഡ്

**1959**-ൽ തിരുവനന്തപുരത്ത് മൂന്ന് അൽസേഷ്യൻ നായ്ക്കളെ ഉൾപ്പെടുത്തി പ്രവർത്തനം ആരംഭിച്ച കേരള പോലീസ് കെ-9 വിഭാഗത്തിൽ നിലവിൽ 162 നായകളാണുള്ളത്. ആറ് ട്രേഡുകളിലായി പരിശീലനം നേടിയ 144 നായ്ക്കളെ ഓരോ പോലീസ് ജില്ല അടിസ്ഥാനത്തിൽ 25 കെ-9 യുണിറ്റുകളിലായി വിന്യസിച്ചിരിക്കുന്നു. കൂടാതെ പുതുതായി കേരള പോലീസ് കെ-9 സ്ക്വാഡിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ഡോഗുകൾ വിവിധ ട്രേഡുകളിൽ കേരള പോലീസ് അക്കാദമിയിലെ സ്റ്റേറ്റ് ഡോഗ് ട്രെയിനിംഗ് സ്കൂളിൽ പരിശീലനത്തിനായും, പ്രായധിക്യത്താലും, അസുഖം മൂലവും ഡ്യൂട്ടിക്കായി ഉപയോഗിക്കാൻ സാധിക്കാതെ കേരള പോലീസ് കെ-9 സ്ക്വാഡിൽ നിന്നും ഡീകമ്മീഷൻ ചെയ്യപ്പെടുന്ന ഡോഗുകളെ കേരള പോലീസ് അക്കാദമിയിലെ ഡോഗ് റിട്ടയർമെന്റ് സെന്ററായ വിശ്രാന്തിയിലും പാർപ്പിച്ചിരിക്കുന്നു.




**1. Explosive Sniffer Dogs**

കേരള പോലീസിൽ 60 Explosive Sniffer ഡോഗുകളാണ് ഉള്ളത്.Explosive വസ്തുക്കൾ കണ്ടെത്തുന്നതിന് ഉപയോഗിക്കുന്ന ഈ ഡോഗുകളെ, VVIP,VIP

സുരക്ഷാ ഡ്യൂട്ടികൾക്കും, തിരക്കേറിയ സ്ഥലങ്ങളിൽ, പൊതു പരിപാടികൾ,കൂടാതെ വന്യമൃഗ ശല്യമുള്ള ജില്ലകളിൽ വന്യ മൃഗങ്ങളെ തുരത്തുന്നതിനായി ആളുകൾ അനധികൃതമായി സൂക്ഷിക്കാൻ സാധ്യതയുള്ള Explosive വസ്തുക്കൾ കണ്ടെത്തുന്നതിനും, മാവോയിസ്റ്റ് സാന്നിധ്യമുള്ള സ്ഥലങ്ങളിലും ഡ്യൂട്ടിക്കായി നിയോഗിക്കുന്നു.കേരള പോലീസ് ബോംബ് സ്ക്വാഡിന് Explosive Sniffer ഡോഗുകളുടെ സഹായം അത്യന്താപേക്ഷിതമാണ്.




(Explosive search in VVIP security Duties)



## 2. Narcotic Sniffer Dogs

32 Narcotic Sniffer ഡോഗുകളാണ് കേരള പോലീസിലുള്ളത്.Narcotic വസ്തുക്കൾ കണ്ടെത്തുന്നതിന് പരിശീലനം നേടിയിട്ടുള്ള ഈ ഡോഗുകൾ, NDPS ക്രൈം കേസുകളിലെ പ്രതികൾ ഒളിപ്പിച്ചിട്ടുള്ള എല്ലാ മയക്കുമരുന്നുകളും, നിരോധിത പുകയില ഉത്പന്നങ്ങളും കണ്ടെത്തുന്നതിനു കേരള പോലീസിനെ സഹായിക്കുന്നു.ഇവയെ ഉപയോഗിച്ച് പൊതുസ്ഥലങ്ങൾ, റെയിൽവേസ്റ്റേഷൻ, എയർപോർട്ട്, ബസ് സ്റ്റേഷൻ എന്നിവിടങ്ങൾ നിരന്തരം ചെക്കിംഗ് നടത്തുന്നതുമൂലം മയക്കുമരുന്നുകളുടെയും, നിരോധിത പുകയില ഉത്പന്നങ്ങളുടെയും വിപണനം തടയുന്നതിന് സഹായകമായിട്ടുണ്ട്.



(Narcotic substance detection)

## 3 Crime Scene Tracker

മോഷണം, കവർച്ച, കൊലപാതകം മുതലായ കുറ്റകൃത്യങ്ങൾ ചെയ്ത പ്രതികളെയും, മാൻ മിസ്സിംഗ് കേസുകളിൽ കാണാതായ ആളെ കണ്ടെത്തുന്നതിനുമായി കേരള പോലീസിൽ Crime Scene Tracker വിഭാഗത്തിൽ പരിശീലനം നേടിയിട്ടുള്ള 46 ഡോഗുകളാണ് ഉള്ളത്. ഇവയെല്ലാം വളരെ മികച്ച ട്രാക്ക് റെക്കോർഡ് ഉള്ളവയാണ്



**(Tracking of Crime Scene Tracker Dogs)**

**4 Cadaver Dogs (Humen Remains Detection Dogs)**

ഇന്ത്യൻ പോലീസ് തന്നെ അഭിമാനകരമായ നേട്ടം കൈവരിച്ച 3 Cadaver ഡോഗുകളാണ് കേരള പോലീസിൽ ഉള്ളത്. മൃതശരീരങ്ങൾ കണ്ടെത്തുന്നതിന് പരിശീലനം നേടിയ ഇവയെ, ഭൂചലനം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ പോലുള്ള പ്രകൃതി ദുരന്തങ്ങൾ സംഭവിക്കുമ്പോൾ മണ്ണിനടിയിലും മറ്റുമുള്ള മൃതശരീരങ്ങൾ കണ്ടെത്തുന്നതിനാണ് പ്രധാനമായും ഉപയോഗിക്കുന്നത്. കൂടാതെ കൊലപാതക കേസുകളിൽ പ്രതികൾ തെളിവ് നശിപ്പിക്കുന്നതിന്റെ ഭാഗമായി മൃതശരീരങ്ങൾ മറവ് ചെയ്യുന്നത് കണ്ടെത്തുവാനും ഈ ട്രേഡിലുള്ള ഡോഗുകളെ ഉപയോഗിക്കുന്നു.കേരള പോലീസിലെ 3 Cadaver ഡോഗുകളിൽ 2 ഡോഗുകളെ കൊച്ചി സിറ്റി കെ-9 യുണിറ്റിലും, 1 ഡോഗിനെ ഇടുക്കി കെ-9 യുണിറ്റിലും വിന്യസിച്ചിരിക്കുന്നു.2024 ഒക്ടോബർ-നവംബർ മാസങ്ങളിലായി ദേശീയ ദുരന്ത നിവാരണ സേനയിലെ പരിശീലകർക്ക് സ്റ്റേറ്റ് ഡോഗ് ട്രെയിനിംഗ് സ്കൂളിൽ നൽകിയ 4 ആഴ്ചത്തെ Cadaver Dog ട്രെയിനിങ്ങിൽ മേൽപ്പറഞ്ഞ ഡോഗുകൾ മികച്ച സേവനം കാഴ്ചവച്ചു.



(Cadaver Dogs At Wayanad Land Slide)





(Mission Completion-Wayanad Slide)




(Cadaver Dogs at Telungana - Nagarkurnul Tunnel Accident )

**5. Search and Rescue Dogs**

കേരള പോലീസ് കെ:-9 സ്ക്വാഡിൽ ആകെ 2 Search and Rescue ഡോഗുകളാണുള്ളത്. ഭൂചലനം, ഉരുൾപൊട്ടൽ തുടങ്ങിയ പ്രകൃതിദുരന്തങ്ങൾ സംഭവിക്കുമ്പോൾ കെട്ടിടത്തിനുള്ളിലും മണ്ണിനടിയിലും മറ്റും പെട്ടുപോകുന്ന ജീവനുള്ള ആളുകളെ കണ്ടെത്തുന്നതിന് പരിശീലനം നേടിയിട്ടുള്ള ഇത്തരം ഡോഗുകൾ മാൻ മിസ്സിംഗ് കേസുകളിൽ കാണാതായ ആളുകളെ കണ്ടുപിടിക്കുന്നതിനും കേരള പോലീസിനെ സഹായിക്കുന്നു. ലീഷിന്റെ സഹായമില്ലാതെ പൊതുസ്ഥലത്ത് സ്വതന്ത്രമായി വിട്ട് വസ്തുക്കൾ കണ്ടുപിടിക്കുന്നതാണ് ട്രാക്കർ ഡോഗിൽ നിന്നും ഈ ട്രേഡിലുള്ള ഡോഗുകളെ വ്യത്യസ്ഥമാക്കുന്നത്.



(Search and Rescue Dogs At Wayanad Land Slide)

**6. Alcoholic Sniffer Dogs**

കേരള പോലീസ് കെ:-9 സ്ക്വാഡിൽ Alcoholic Sniffer വിഭാഗത്തിൽ ഒരു ഡോഗാണ് ഉള്ളത്. അനധികൃതമായ മദ്യക്കടത്ത്,വിപണനം എന്നിവ തടയുന്നതിന് ഈ ട്രേഡിലുള്ള ഡോഗുകളെ പോലീസ് സേനയിൽ ഉപയോഗിച്ചു വരുന്നു. ഇവയെ കൂടുതലായി അതിർത്തി ജില്ലകളിലാണ് ഡ്യൂട്ടിക്കായി ഉപയോഗിക്കുന്നത്.



(Alcohol Detection By Dog Rakhi Of Kozhikkode Rural)

## കേരള പോലീസ് കെ-9 സ്ക്വാഡിലെ വിവിധ ബ്രീഡുകൾ

കേരള പോലീസ് കെ-9 സ്ക്വാഡിലെ വിവിധ ട്രേഡുകളിൽ വിവിധ ബ്രീഡുകളിലുള്ള ഡോഗുകളെ ഉപയോഗിച്ചു വരുന്നു. പ്രധാനമായും ലാബ്രഡോർ റിട്രീവർ, ജർമ്മൻ ഷെപ്പേർഡ്, ബെൽജിയൻ മാലിനോയിസ് വിഭാഗത്തിൽപ്പെട്ട വിദേശ ബ്രീഡുകളിലുള്ള ഡോഗുകളും ചിപ്പിപ്പാറ, കന്നി, മുതോൽ ഹൌണ്ട് ,തുടങ്ങിയ ഇന്ത്യൻ ബ്രീഡുകളിലുള്ള ഡോഗുകളെയും ഉപയോഗിച്ചു വരുന്നു.ഇവക്കു പുറമേ ഡോബർമാൻ,ഗോൾഡൻ റിട്രിവർ, താരതമ്യേന ചെറിയ ബ്രീഡുകളായ ബീഗിൾ, ജാക്ക് റസ്സൽ ടെറിയർ തുടങ്ങിയവയും കേരള പോലീസ് കെ-9 സ്ക്വാഡിന്റെ ഭാഗമാണ്.സമീപകാലത്ത് സേനയിലേക്ക് ഉൾപ്പെടുത്തിയ ബീഗിൾ, ജാക്ക് റസ്സൽ ടെറിയർ തുടങ്ങിയ ബ്രീഡുകളെ നാർക്കോട്ടിക്,എക്സ്പ്ലോസീവ് വിഭാഗത്തിലാണ് പരിശീലനം നൽകിയിരിക്കുന്നത്.

**ജർമ്മൻ ഷെപ്പേർഡ്**

- വളരെ വൈവിധ്യമാർന്ന, ശക്തമായ ഗന്ധം തിരിച്ചറിയാൻ കഴിവുള്ള ഇത്തരം ബ്രീഡുകളെ നാർക്കോട്ടിക്, എക്സ്പ്ലോസീവ് വസ്തുക്കൾ കണ്ടെത്തുന്നതിനാണ് കേരള പോലീസ് കെ-9 സ്ക്വാഡിൽ പരിശിലിപ്പിച്ചിട്ടുള്ളത്..

**ലാബ്രഡോർ റിട്രീവർ**

- ബുദ്ധിശക്തിയുള്ളതും, വളരെ സൌഹൃദപരവുമായ ഇത്തരം ബ്രീഡുകളെ നാർക്കോട്ടിക്, എക്സ്പ്ലോസീവ് വസ്തുക്കൾ

കണ്ടെത്തുന്നതിനാണ് കേരള പോലീസ് കെ-9 സ്ക്വാഡിൽ പരിശിലിപ്പിച്ചിട്ടുള്ളത്

**ബെൽജിയൻ മാലിനോയിസ്**

- ചടുലവും ഉയർന്ന ഊർജ്ജവും ഉയർന്ന ട്രെയ്നബിലിറ്റിയുമുള്ള ഇവക്ക് ശക്തമായ ഗന്ധം തിരിച്ചറിയാനും, ഗന്ധം സൂക്ഷിച്ച് ട്രാക്ക് ചെയ്യുന്നതിനും അസാധാരണ കഴിവുണ്ട് കൂടാതെ ഇവയുടെ ചടുലത വിവിധ ഭൂപ്രദേശങ്ങളിൽ ട്രാക്കുചെയ്യുന്നതിന് മികച്ചതുമാണ്. ഇത്തരം ബ്രീഡുകളെ ട്രാക്കർ,സർച്ച് & റെസ്ക്യൂ, കടാവർ വിഭാഗത്തിലാണ് കേരള പോലീസ് കെ-9 സ്ക്വാഡിൽ പരിശിലിപ്പിച്ചിട്ടുള്ളത്



(Different breeds in Kerala Police)

## <u>സ്റ്റേറ്റ് ഡോഗ് ട്രെയിനിംഗ് സ്കൂൾ</u>

കേരള പോലീസ് സ്റ്റേറ്റ് കെ-9 സ്ക്വാഡിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന ഡോഗുകൾക്കും,ഹാൻഡലർമാർക്കും കേരള പോലീസ് അക്കാദമി തൃശ്ശൂരിൽ പ്രവർത്തിച്ചുവരുന്ന സ്റ്റേറ്റ് ഡോഗ് ട്രെയിനിംഗ് സ്കൂളിലാണ്

പരിശീലനം നൽകി വരുന്നത്. വളരെ മെച്ചപ്പെട്ട ട്രെയിനിംഗ് സൗകര്യങ്ങളുള്ള. സ്റ്റേറ്റ് ഡോഗ് ട്രെയിനിംഗ് സ്കൂളിലെ സിലബസ് പ്രകാരം (ഇൻഡോർ, ഓട്ട് ഡോർ വിഷയങ്ങൾ ഉൾപ്പെടുത്തി) ഡോഗ് & ഹാൻഡലർ അടിസ്ഥാന പരിശീലനം, പുന:പരിശീലനം, റിഫ്രഷർ കോഴ്സുകൾ, ഹാൻഡലർമർക്കുള്ള ഇന്റൻസീവ് കോഴ്സുകൾ, കൂടാതെ ട്രെയിനർമാരായി പ്രവൃത്തിയെടുക്കുന്നതിനു താത്പര്യമുള്ള ഹാൻഡലർമാർക്ക് TOT കോഴ്സുകളും നൽകി വരുന്നു.




(State Dog Training School KEPA)



(Training Equipment at State Dog Training School KEPA)



(Luggage search)



(Tracker dog training-retrieving  over hurdles)



**(Reward based training)**



**(Stand up)**

# വിശ്രാന്തി

കേരള പോലീസ് സേനയിൽ മികച്ച സേവനം നൽകിയ മുതിർന്ന നായ്ക്കൾക്കായി 2019 മെയ് മാസത്തിൽ അന്നത്തെ സംസ്ഥാന പോലീസ് മേധാവിയായിരുന്ന ശ്രീ.ലോക്നാഥ് ബെഹ്റ 'വിശ്രാന്തി' എന്ന പേരിൽ ഒരു വിരമിക്കൽ ഭവനം എന്ന പുതിയ ആശയം മുന്നോട്ടുവച്ച് 2020 -ൽ അത് പ്രാവർത്തികമാക്കി.




(Inauguration Of Dog Retirement Centre Vishranthi- KEPA)

പോലീസ് നായ്ക്കളെ ഭേദമാക്കാനാവാത്ത അസുഖം ബാധിച്ചാലോ അല്ലെങ്കിൽ ഒരു ദശാബ്ദക്കാലത്തെ സേവനത്തിനുശേഷം മൃഗഡോക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലോ ആണ് സേവനത്തിൽ നിന്ന് ഒഴിവാക്കുന്നത്. തൃശ്ശൂരിലെ കേരള പോലീസ് അക്കാദമിയിലാണ് മുതിർന്ന നായ്ക്കൾക്കുള്ള വിശ്രമ കേന്ദ്രമായ 'വിശ്രാന്തി' സ്ഥിതി ചെയ്യുന്നത്. 20 കെന്നലുകളുള്ള വിശ്രാന്തിയിലെ ഓരോ കെന്നലും 100 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ളതാണ്, അത് മൂന്ന് അറകളായി തിരിച്ചിരിക്കുന്നു, അതിൽ ഒരു ടോയ്‌ലറ്റ് ഏരിയയും ഉൾപ്പെടുന്നു. വിരമിച്ച നായ്ക്കൾ ഫാനുകൾ, ടെലിവിഷൻ, നീന്തൽക്കുളം എന്നിവയുള്ള സംവിധാനങ്ങളും ഉൾപ്പെടുന്നു.



(Kennels-Dog Retirement Centre Vishranthi- KEPA)



(Swimming Pool-Dog Retirement Centre Vishranthi- KEPA)

നിലവിൽ, ലാബ്രഡോർ, ജർമ്മൻ ഷെപ്പേർഡ്,ഡോബർമാൻ എന്നീ ഇനങ്ങളിൽപ്പെട്ട പന്ത്രണ്ട് നായ്ക്കൾ വിശാന്തിയിലുണ്ട്, അവയെ എട്ട് ഹാൻഡ്‌ലർമാർ പരിപാലിക്കുന്നു. എല്ലാ ദിവസവും, മുതിർന്ന നായ്ക്കൾക്ക് മതിയായ വ്യായാമവും, വെറ്റിനറി ഡോക്ടർ നിർദ്ദേശിക്കുന്ന ഡയറ്റ് അനുസരിച്ചുള്ള ഭക്ഷണവും,ആവശ്യമായ മരുന്നും നൽകുന്നുണ്ടെന്ന് അവർ ഉറപ്പാക്കുന്നു.




(Veterinary Care at Vishranthi)

വിശ്രാന്തിയിൽ പാർപ്പിച്ചിട്ടുള്ള ഡോഗുകൾ മരണപ്പെടുന്ന സമയത്ത് പൂർണ്ണ ഔദ്യോഗീക ബഹുമതികളോടെ വിശ്രാന്തിയിൽ പ്രത്യേകം സജ്ജീകരിച്ചിട്ടുള്ള സെമിത്തേരിയിൽ (ഡോഗ് സിമ്മട്രി) അടക്കം ചെയ്യുന്നു.






(Funeral Parade)



(Dog Cemetery -Vishranthi KEPA)

**“വിശ്രാന്തിയിൽ കേരള പോലീസ് സേനയിൽ മികച്ച സേവനം നൽകിയ മുതിർന്ന നായ്ക്കൾക്ക് ലാളിക്കപ്പെട്ട വയോജന പരിചരണം നൽകുന്നു”**

*******************